**പതിനാലാം കേരള നിയമസഭ**

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2178 04.11.2019-ൽ മറുപടിയ്ക്ക്

**പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ പ്രവർത്തനം**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.മുല്ലക്കര രത്നാകരൻ<br>,, ചിറ്റയം ഗോപകുമാർ<br>ശ്രീമതി സി.കെ. ആശ<br>ശ്രീ.എൽദോ എബ്രഹാം** | | **ശ്രീമതി. കെ.കെ.ശൈലജടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിതാ-ശിശു വികസനവും വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ പ്രവർത്തനം പരിശോധിച്ച് കാര്യക്ഷമത ഉറപ്പുവരുത്തുന്നതിനും പാരാമെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ കോഴ്സുകളുടെ നിലവാരം ഉറപ്പാക്കുന്നതിനും എന്തൊക്കെ സംവിധാനങ്ങൾ നിലവിലുണ്ടെന്ന് വിശദമാക്കുമോ; | (എ) | സംസ്ഥാനത്തെ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ പ്രവർത്തനം പരിശോധിച്ച് കാര്യക്ഷമത ഉറപ്പുവരുത്തുന്നതിനും പാരാമെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ കോഴ്സുകളുടെ നിലവാരം ഉറപ്പാക്കുന്നതിനും മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറെയും ആരോഗ്യ വകുപ്പ് ഡയറക്ടറേയും ചുമതലപ്പെടുത്തിയിട്ടുണ്ട്. വിദഗ്ദ്ധ സമിതികളുടെ പരിശോധനയ്ക്ക് ശേഷമാണ് പാരാമെഡിക്കൽ കോഴ്സുകൾ തുടങ്ങുവാൻ അംഗീകാരം നൽകുന്നത്. പാരാമെഡിക്കൽ ഡിപ്ലോമ കോഴ്സുകൾക്കായി ബോർഡ് ഓഫ് സ്റ്റഡീസ് രൂപീകരിച്ചിട്ടുണ്ട്. ഹെൽത്ത് ഇൻസ്പെക്ടർ ഡിപ്ലോമ കോഴ്സിന്റെ നിലവാരം ഉറപ്പാക്കുന്നതിനായി അക്കാഡമിക് കൌൺസിൽ രൂപീകരിച്ചിട്ടുണ്ട്. പാരാമെഡിക്കൽ ബിരുദ-ബിരുദാനന്തര കോഴ്സുകൾ നടത്തുന്ന സ്ഥാപനങ്ങളുടെ പ്രവർത്തനം വിലയിരുത്തുന്നതിനായി കേരള ആരോഗ്യ സർവ്വകലാശാല വാർഷിക പരിശോധന നടത്തിവരുന്നു. |

| | | | |
|---|---|---|---|
| (ബി) | സംസ്ഥാനത്തെ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും കോഴ്സുകളുടെയും നിലവാരം ഉറപ്പാക്കുന്നതിന് സ്റ്റാറ്റ്യൂട്ടറി പദവിയോടെ പാരാമെഡിക്കൽ കൗൺസിൽ സ്ഥാപിക്കുമോ; വ്യക്തമാക്കുമോ; | (ബി) | സംസ്ഥാനത്തെ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും കോഴ്സുകളുടെയും നിലവാരം ഉറപ്പാക്കുന്നതിന് സ്റ്റാറ്റ്യൂട്ടറി പദവിയോടെ പാരാമെഡിക്കൽ കൗൺസിൽ സ്ഥാപിക്കുന്ന വിഷയം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. |
| (സി) | പാരാമെഡിക്കൽ സ്ഥാപനങ്ങളിലെയും വിദ്യാഭ്യാസ സ്ഥാപനങ്ങളിലെയും നിലവാരം ഉറപ്പാക്കുന്നതിന് സമഗ്ര നിയമനിർമ്മാണത്തിന് തയ്യാറാകുമോ; വ്യക്തമാക്കുമോ ? | (സി) | പാരാമെഡിക്കൽ സ്ഥാപനങ്ങളിലെ നിലവാരം ഉറപ്പാക്കുന്നതിന് കേരളാ ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട് സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ